# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **7023** **11/07/2014** ൽ മറുപടിക്ക്

**പയ്യോളി പഞ്ചായത്തിൽ സർക്കാർ ഹൈസ്കൂൾ**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| ശ്രീ. കെ. ദാസൻ | | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | കൊയിലാണ്ടി മണ്ഡലത്തിൽ പയ്യോളി പഞ്ചായത്തിൽ നിലവിൽ സർക്കാർ ഹൈസ്കൂൾ ഇല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| ബി) | പയ്യോളി പഞ്ചായത്തിലെ കീഴൂർ ഗവ: യു.പി.സ്കൂൾ ആർ.എം.എസ്.എ പരിഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിരുന്നു വോയെന്ന് വിശദമാക്കാമോ; | ബി) | 2014-15 വർഷത്തിൽ എം.എച്ച്.ആർ.ഡി യ്ക്ക് സമർപ്പിച്ച പ്ലാനിൽ കീഴൂർ ഗവൺമെന്റ് യു.പി.സ്കൂൾ അപ്ഗ്രഡേഷനുവേണ്ടി ഉൾപ്പെടുത്തിയിരുന്നില്ല. |
| സി) | ഈ സ്കൂൾ ഹൈസ്കൂളായി ഉയർത്തുന്നതിന് നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് ആരിൽ നിന്നെല്ലാ മാണെന്ന് വ്യക്തമാക്കാമോ; | സി) | ഉണ്ട്. കീഴൂർ ഗവൺമെന്റ് യു.പി.സ്കൂൾ അപ്ഗ്രേഡ് ചെയ്യാൻ ആവശ്യപ്പെട്ട് കൊണ്ട് ബഹുമാന്യരായ മുൻ കേന്ദ്ര സഹമന്ത്രി, ശ്രീ.മുല്ലപ്പള്ളി രാമചന്ദ്രൻ, സംസ്ഥാന കൃഷി വകുപ്പു മന്ത്രി ശ്രീ.കെ.പി.മോഹനൻ എന്നിവർ മുഖേന സ്കൂൾ വികസന സമിതിയുടെയും കീഴൂർ ഗവൺമെന്റ് യു.പി.സ്കൂളിന്റെ സ്കൂൾ ഡവലപ്പ്മെന്റ് കമ്മിറ്റി ചെയർമാൻ സ്വന്തം നിലയിലും കോഴിക്കോട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി കാനത്തിൽ ജമീല, എന്നിവരിൽ നിന്നാണ് നിവേദനങ്ങൾ ലഭിച്ചിട്ടുള്ളത്. |

| | | |
|---|---|---|
| ഡി) | പ്രസ്തുത നിവേദനങ്ങളിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം; | ഡി) ആർ.എം.എസ്.എ പദ്ധതിയിൽ ഒരു സ്കൂൾ അപ്ഗ്രേഡ് ചെയ്യാനായി സമർപ്പിക്കുമ്പോൾ ആ സ്കൂളിലെ ഉയർന്ന ക്ലാസ് 8-ാം ക്ലാസ് ആണെങ്കിൽ മാത്രമേ എം.എച്ച്.ആർ.ഡി. അപ്ഗ്രഡേഷൻ അനുവദിക്കുകയുള്ളു. ആയതിനാൽ കീഴൂർ ഗവ.സ്കൂൾ അപ്ഗ്രേഡ് ചെയ്യാൻ ആവശ്യപ്പെട്ടു കൊ ണ്ട് ലഭിച്ച നിവേദനങ്ങൾ പരിഗണിച്ച് പ്രസ്തുത സ്കൂളിൽ 8-ആം ക്ലാസ്സ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| ഇ) | പ്രസ്തുത സ്കൂളിന്റെ അപ്ഗ്രഡേഷൻ സംബന്ധിച്ച് കോഴിക്കോട് വിദ്യാഭ്യാസ ഉപഡയറക്ടറോട് പൊതു വിദ്യാഭ്യാസ വകുപ്പ് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം കത്തിന്റെ പകർപ്പ് സഹിതം ലഭ്യമാക്കാമോ; | ഇ) റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടില്ല. |
| എഫ്) | വിദ്യാഭ്യാസ ഉപ ഡയറക്ടർ ആവശ്യപ്പെട്ട റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ; | എഫ്) ബാധകമല്ല |
| ജി) | കീഴൂർ ഗവ. യു.പി.സ്കൂൾ ഹൈസ്കൂളായി ഉയർത്താൻ നടപടികൾ സ്വീകരിക്കുമോ; | ജി) പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ